# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 688** **04-02-2020-ൽ മറുപടിക്ക്**

### ഉത്തരവാദിത്ത ടൂറിസം

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ. കെ.യു. അരുണൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| ഉത്തരവാദിത്ത ടൂറിസം മുഖേന ടൂർ പാക്കേജുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | സാധാരണക്കാരായ തദ്ദേശവാസികൾക്ക് തങ്ങളുടെ ദൈനദിന പ്രവത്തനങ്ങൾക്ക് യാതൊരു വിധ തടസ്സവും കൂടാതെ, അധിക മുതൽ മുടക്കില്ലാതെ ടൂറിസത്തിൽ നിന്നും അധിക വരുമാനം ലഭ്യമാക്കുന്നതിനായിട്ടാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജുകൾ നടത്തുന്നത്. കയർ പിരിക്കൽ, വിവിധ ഉൽപ്പന്നങ്ങളുടെ നെയ്ത്ത്, വിവിധ തരം മീൻ പിടുത്ത രീതികൾ, സ്വർണ്ണപ്പണി, എന്നിങ്ങനെ പരമ്പരാഗത കൈ ത്തൊഴിലുകൾ ചെയ്യുന്ന ആളുകൾക്ക് പരിശീലനം നൽകി ഈ ആക്ടിവിറ്റികൾ കോർത്തിണക്കിയ എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജുകൾ രൂപീകരിക്കുന്നു. ഉത്തരവാദിത്ത ടൂറിസം മിഷൻ വിവിധ ഓൺലൈൻ, ഓഫ് ലൈൻ പ്ലാറ്റ് ഫോമുകൾ വഴി ഈ പാക്കേജുകൾ മാർക്കറ്റ് ചെയ്യുന്നു. ഇതു കൂടാതെ വിവിധ തദ്ദേശ വാസികൾ, |

| | | | |
|---|---|---|---|
| | | | ആർ.ടി. മിഷനുമായി സഹകരിച്ചു പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എന്നിവർ നടത്തുന്നതും, ഉത്തരവാദിത്ത ടൂറിസം ആശയങ്ങൾ പിന്തുടരുന്നതും ആയ എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജുകളുമായും പരിശോധനയ്ക്ക് ശേഷം ആർ.ടി. മിഷൻ സഹകരിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**